ഉത്തരം

(എ) ഉണ്ട്.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ്/സ്വാശ്രയ മേഖലയിൽ കോളേജുകൾ

7 [1108] ശ്രീ. യു. സി. രാമൻ :
,, സി. മമ്മൂട്ടി :
,, സി. മോയിൻകുട്ടി :
,, കളത്തിൽ അബ്ദുള്ള :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് ഇനി പുതുതായി ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും സ്വാശ്രയ/ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളിൽ എത്ര വീതം ; ഏതെല്ലാം ജില്ലകളിൽ ;

(ബി) എങ്കിൽ ഇതിനായി എന്നത്തേക്കാണ് അപേക്ഷകൾ ക്ഷണിക്കുന്നത് ;

(സി) ഇപ്പോൾ കേരളത്തിൽ ഉള്ള ടി.ടി.ഐ.-കളുടെ എണ്ണം എത്ര ; ഇവ ഏതൊക്കെ ജില്ലകളിൽ എത്ര വീതം ;

(ഡി) ഇതിൽ ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ മേഖലയിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ :

(ഇ) ഇതിൽ ഓരോന്നും സമുദായം തിരിച്ചുള്ള മാനേജ്മെന്റുകളുടെ എണ്ണം എത്ര വീതം ;

(എഫ്) ഇതിൽ മുസ്ലിം മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും സമുദായത്തിന്റെ ജനസംഖ്യാനുപാതികമായി പൊരുത്തപ്പെടാത്ത രീതിയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികളെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ വ്യക്തമാക്കുമോ ;

(എച്ച്) ഇവ എന്നത്തേക്ക് പ്രാവർത്തികമാക്കുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഗവൺമെന്റ്/എയ്ഡഡ് മേഖലകളിൽ ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും ആരംഭിക്കുന്നത് പരിഗണനയിലില്ല. സ്വാശ്രയ മേഖലയിൽ ഇനിയും ബി.എഡ്. കോളേജ് ആവശ്യമുണ്ടോ എന്ന് പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ ശുപാർശ ലഭിച്ചിട്ടില്ല. ടി.ടി.ഐ.-കൾ സ്വാശ്രയ മേഖലയിൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി)) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) എണ്ണം കണക്കാക്കിയിട്ടില്ല.

(എഫ്) എയ്ഡഡ് ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും മുസ്ലിം സമുദായത്തിന് ജനസംഖ്യാനുപാതികമായി ലഭിച്ചിട്ടുണ്ടോ എന്ന് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് കോളേജുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകരുടെ നിയമനം

8 [1109] ശ്രീ. സി. മമ്മൂട്ടി :

,, സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, പി. കെ. അബ്ദുറബ്ബ് :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ;

(ബി) ഇവ എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത് നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത് ;

(ഡി) എന്നേക്ക് പ്രസ്തുത തസ്തികകൾ നികത്തുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ 8 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) ഗവൺമെന്റ് കോളേജ്, മൊകേരി — 1
ഗവൺമെന്റ് കോളേജ്, കാസർകോട് — 4
ഗവൺമെന്റ് കോളേജ്, പാലക്കാട് — 2
ഗവൺമെന്റ് കോളേജ്, മാനന്തവാടി — 1

(സി & ഡി) ഇവ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കോളേജുകളിൽ നിന്നും വർക്ക് ലോഡ് സ്റ്റേറ്റുമെന്റ് ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഒഴിവുകൾ കെ.പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതുമാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly